# (ii) മലകുകൾ

സ്രഷ്ടാവും വിധാതാവുമായ അല്ലാഹു പ്രപഞ്ചത്തെ തന്റെ ആജ്ഞാനുസാരം പ്രവർത്തിപ്പിക്കുന്നതിനുവേണ്ടി ചില സൃഷ്ടികളെ പ്രത്യേകം സൃഷ്ടിച്ചു നിയോഗിച്ചിട്ടുണ്ട്. അവരാണ് മലകുകൾ. മലകുകൾ മനുഷ്യർക്ക് അദൃശ്യരാകുന്നു. ഋതുഭേദങ്ങൾ, ജനിമൃതികൾ തുടങ്ങിയ പ്രാപഞ്ചിക കാര്യങ്ങളെല്ലാം കൈകാര്യം ചെയ്യുന്നത് മലകുകളാണ്. പക്ഷേ, അവർ ദൈവത്തിന്റെ പങ്കാളികളോ സഹായികളോ അല്ല; സൃഷ്ടികളും ദാസന്മാരും മാത്രമാകുന്നു. മലകുകളെ സംബന്ധിച്ച വിശ്വാസം മിക്ക മതങ്ങളും പങ്കുവയ്ക്കുന്നുണ്ട്. ഹൈന്ദവ-യവന ഇതിഹാസങ്ങൾ ദേവന്മാരായി സങ്കല്പിക്കുന്നത് മലകുകളെയാണ്. ദേവന്മാർ ദൈവത്തിന്റെ ബന്ധുക്കളോ സഹായികളോ സ്വതന്ത്രമായ അധികാരങ്ങളും ശക്തികളുമുള്ള ഉപദൈവങ്ങളോ ആണെന്നാണ് വിശ്വാസം. ബഹുദൈവവിശ്വാസികളായ അറബികൾ മലകുകൾ ദൈവത്തിന്റെ പെൺമക്കളാണെന്ന് കരുതിയിരുന്നതായി ഖുർആൻ പറയുന്നുണ്ട്. ഖുർആൻ ഈ സങ്കല്പങ്ങളെയെല്ലാം നിഷേധിച്ചിരിക്കുന്നു. മലകുകൾക്ക് അല്ലാഹുവിന്റെ കഴിവുകളിലോ അധികാര ശക്തികളിലോ യാതൊരു പങ്കുമില്ല. മലകുകളെ ദൈവ സന്തതികളായി കരുതിയവരെക്കുറിച്ച് ഖുർആൻ പറയുന്നു: "കരുണാമയനായ ദൈവം സന്തതിയെ സ്വീകരിച്ചിട്ടുള്ളതായി അവർ പറയുന്നു. ഇല്ല. അവർ ആദരണീയരായ ദൈവദാസന്മാരാകുന്നു" (21: 26). "കരുണാവാരിധിയുടെ അടിമകളായ മലകുകളെ അവർ സ്ത്രീകളായി സങ്കല്പിക്കുന്നു. അവരുടെ സൃഷ്ടിക്ക് ഇവർ സാക്ഷികളായിരുന്നുവോ?"(43: 19).

അല്ലാഹുവിന്റെ അടിമകളും ആജ്ഞാനുവർത്തികളുമായ മലകുകൾക്കു ദൈവത്തിന്റെ അധികാരങ്ങളോ ശക്തികളോ ഇല്ലെന്നു മാത്രമല്ല; സാക്ഷാൽ ദൈവത്തിന്റെ ആജ്ഞകളിൽനിന്ന് അല്പം പോലും വ്യതിചലിക്കാൻ അവർക്കു സാധ്യവുമല്ല. സ്വന്തമായി വല്ലതും ഇച്ഛിച്ചു പ്രവർത്തിക്കുക അവരുടെ പ്രകൃതിയേയല്ല. മനുഷ്യൻ അവരെ ദൈവത്തിന്റെ പങ്കാളികളായി വരിച്ച് അവരോട് പ്രാർഥിക്കുന്നത് ഭോഷ്കാണ്. ദൈവാജ്ഞയാൽ, മനുഷ്യന്റെ ആദ്യപിതാവിന്റെ മുമ്പിൽ സാഷ്ടാംഗം പ്രണമിച്ചവരാണവർ. അവർക്കു നല്കാത്ത ജ്ഞാനം ദൈവം മനുഷ്യന്നു നല്കിയിരിക്കുന്നു. ഭൂമിയിലെ പ്രാതിനിധ്യവും മനുഷ്യർക്കാണ് നല്കിയിട്ടുള്ളത്.

മലകുകളിൽ ചിലർ സദാ മനുഷ്യരുടെ കൂടെയുണ്ട്. ഓരോ മനുഷ്യന്റെയും എല്ലാ കർമങ്ങളും അവർ സസൂക്ഷ്മം നിരീക്ഷിച്ചു രേഖപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. സകല മനുഷ്യരുടെയും കർമപുസ്തകം- ജീവിത റിക്കാർഡുകൾ- അവർ സൂക്ഷിക്കുന്നു. മരണാനന്തര വിചാരണാവേളയിൽ അത് ദൈവസമക്ഷം ഹാജരാക്കപ്പെടുന്നതാണ്. "മനുഷ്യൻ ഒരു വാക്ക് ഉച്ചരിക്കുക പോലും ചെയ്യുന്നില്ല; അവന്റെ കൂടെ അത് നിരീക്ഷിക്കുകയും തിട്ടപ്പെടുത്തുകയും ചെയ്യുന്നവർ(മലക്) ഇല്ലാതെ" (50: 18). "ആർ സത്യവിശ്വാസിയായിക്കൊണ്ട് സൽക്കർമങ്ങളാചരിക്കുന്നുവോ അവന്റെ പ്രയത്നം വിലമതിക്കാതെ തള്ളപ്പെടുന്നതല്ല. നാമതു രേഖപ്പെടുത്തി വയ്ക്കുന്നുണ്ട്" (21: 94). "നിങ്ങൾക്കുമേൽ നാം സൂക്ഷിപ്പുകാരെ നിയോഗിച്ചിട്ടുണ്ട്. നിങ്ങളുടെ കർമങ്ങൾ രേഖപ്പെടുത്തുന്ന ആദരണീയരായ എഴുത്തുകാർ. നിങ്ങൾ ചെയ്യുന്നതൊക്കെയും അവർ അറിയുന്നുണ്ട്" (82: 10-12).

മലകുകളുടെ സത്തയെന്ത്, രൂപമെന്ത് എന്നൊന്നും ഖുർആൻ വിശദീകരിച്ചിട്ടില്ല. അവർ അഗോചരമായ അതിഭൗതിക സൃഷ്ടികളാണ്. പരിശുദ്ധരാണ്. ആദരണീയരാണ്. ഇത്രയേ ഖുർആനിൽ നിന്നും സുന്നതിൽനിന്നും വ്യക്തമാകുന്നുള്ളൂ.

പ്രത്യേകം തെരഞ്ഞെടുക്കപ്പെട്ട മലകുകളിലൂടെയാണ് അല്ലാഹു നിശ്ചയിച്ച സന്മാർഗദർശനം, അഥവാ വെളിപാടുകളും വേദങ്ങളും മനുഷ്യർക്ക് എത്തിക്കുന്നത്. ജിബ്രീൽ (ഗബ്രിയേൽ) എന്ന മലകായിരുന്നു മുഹമ്മദ്നബിക്ക് വെളിപാടുകൾ എത്തിച്ചിരുന്നത്. മലകുകളുടെ ദൗത്യത്തിന് ഇസ്‌ലാമിക ദർശനത്തിൽ ഏറെ പ്രാധാന്യമുണ്ട്. വേദങ്ങളുടെയും പ്രവാചകന്മാരുടെയും ആധികാരികത മലകുകളിലുള്ള വിശ്വാസത്തെ ആശ്രയിച്ചിരിക്കുന്നു.